ഉത്തരം

(എ)&(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് സംസ്ഥാനത്തിലെ ധാതു നിക്ഷേപങ്ങളെക്കുറിച്ചുള്ള പര്യവേഷണം നടത്തിയിട്ടുണ്ട്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിന്റെ അംഗീകാരത്തോടുകൂടിയുള്ള ഖനിജ പര്യവേഷണ പരിപാടികളാണ് മൈനിഗ് ആൻഡ് ജിയോളജി വകുപ്പ് ഓരോ വർഷവും ഏറ്റെടുത്ത് നടത്തിവരുന്നത്. വകുപ്പിന്റെ പഠനങ്ങളുടെ ഫലമായി ചീനക്കളിമണ്ണ്, സിലിക്കാമണൽ, ലിഗ്നൈറ്റ്, ചുണ്ണാമ്പുകല്ല്, കക്കാ, ഗ്രാനൈറ്റ്, ടൈൽക്കേ എന്നിവയുടെ ഖനനസാദ്ധ്യമായ നിക്ഷേപങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ രത്നക്കല്ല്, ബോക്സൈറ്റ്, സ്വർണ്ണം, ഗ്രാഫൈറ്റ്, ഷീലൈറ്റ്, ക്വാർട്ട്സ്, മാഗ്നസൈറ്റ് എന്നീ ഖനിജങ്ങളുടെ പര്യവേഷണങ്ങളും നടത്തിയിട്ടുണ്ട്.

(സി) ഇല്ല. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള മിനറൽ എക്സ്പ്ലൊറേഷൻ ആന്റ് ഡെവലപ്പ്മെന്റ് പ്രോജക്ടിനെ മൈനിഗ് ആൻഡ് ജിയോളജി വകുപ്പിൽ ലയിപ്പിക്കുകയുണ്ടായി. കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തയ്യാറാക്കിയ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) അലങ്കാരവിതാനശിലയുടെ 1991-1992 മുതൽ 1999-2000 വരെയുള്ള ഉല്പാദനത്തിന്റെയും ലഭിച്ച റോയൽറ്റിയുടെയും ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി† ചേർത്തിരിക്കുന്നു.

(ഇ) നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

38 (2186) ധാതുനിക്ഷേപ മേഖലയിലെ വ്യവസായങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ധാതു നിക്ഷേപമേഖലയിൽ ഏതൊക്കെ വ്യവസായങ്ങളാണ് ഇപ്പോഴുള്ളത്;

(ബി) പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളെ അധിഷ്ഠിതമാക്കി പുതിയ വ്യവസായം ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ ധാതുനിക്ഷേപ മേഖലയിൽ മിനറൽ മണലുകൾ, ചീനക്കളിമണ്ണ്, സിലിക്കാ മണൽ, ചുണ്ണാമ്പുകല്ല്, ചുണ്ണാമ്പു കക്കാ, ഗ്രാനൈറ്റ് (വിസ്താര വിതാന ശിലകൾ) മുതലായവയുടെ നിക്ഷേപങ്ങൾ ആധാരമായി സിറാമിക് വെയേഴ്സ്, ഇൻസുലേറ്റൽസ്, റൈറ്റാനിയം ഡയോക്സൈഡ്, സിന്തറ്റിക് റൂട്ടൈൽ, ഗ്ലാസ്, ഇഷ്ടിക, ഓട്, സിമെന്റ് തുടങ്ങിയ വ്യവസായങ്ങൾ നിലവിലുണ്ട്.

---

†

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിലെ മാടായി പ്രദേശത്ത് ലിഗ്നൈറ്റും, ചീനക്കളിമണ്ണും ഖനനം ചെയ്യുവാനുള്ള നിർദ്ദേശവും, വയനാട് സ്വർണ്ണ നിക്ഷേപ പ്രദേശത്ത് സ്വർണ്ണ പര്യവേക്ഷണത്തിനുള്ള നിർദ്ദേശവും സർക്കാർ പരിശോധിച്ചു വരുന്നു. ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ കേരളാ കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡിൽ സിലിക്കാ മണൽ അധിഷ്ഠിതമായ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സോഡിയം സിലിക്കേറ്റ് പ്ലാന്റിന് അനുമതി നൽകിയിട്ടുണ്ട്.

39 (2187) കയർ ഉല്പാദന മേഖലയിലെ വികസന പദ്ധതികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ ഉല്പാദന മേഖലയിൽ ഉല്പാദന ക്ഷമതയും ഗുണമേൻമയും ലക്ഷ്യമിട്ടുകൊണ്ടുള്ള വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രകോടി രൂപയുടെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്രകോടി രൂപയുടെ കയറുൽപ്പന്നങ്ങൾ വിറ്റഴിയാതെ കെട്ടികിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കയർ തൊഴിലാളികളേയും ഉല്പാദകരേയും ആധുനീകരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമ്പരാഗത കയർ ഉല്പാദന മേഖലയിൽ ഉല്പ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1993-94 മുതൽ 44.24 കോടി രൂപയുടെ സംയോജിത കയർവികസനപദ്ധതി നടപ്പിലാക്കിവരുന്നു. 'കയർറെറ്റ്' ഉപയോഗിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1995 മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കയറ്റുമതി സാദ്ധ്യത കൂടിയതും ഗുണമേൻമയുള്ളതുമായ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഹൈടെക് കയർപാർക്ക്/എക്കോ കയർ വില്ലേജുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതികൾക്ക് ഉദ്ദേശം 50 കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കയർ ജിയോടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനായി 675 ലക്ഷം രൂപയുടെ ഒരു പദ്ധതിയും രൂപം നൽകിവരുന്നു.

1147/2010.

LIBRARY ARCHIVES Kerala Legislative Assembly